# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3989** **20.07.2015-ൽ മറുപടിക്ക്**

## തിരുവല്ല ബൈപ്പാസ് നിർമ്മാണം

| ചോദ്യം<br>ശ്രീ. മാത്യു റ്റി. തോമസ് | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമി തിരികെ നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. തിരുവല്ല ബൈപ്പാസിന് ആവശ്യമായ 5.0404 ഹെക്ടർ ഭൂമി 71 വ്യക്തികളിൽ നിന്ന് പൊന്നുംവില നടപടിപ്രകാരവും, നേരിട്ട് ഭൂമി വാങ്ങൽ വഴിയും ഏറ്റെടുത്തിരുന്നു. എന്നാൽ പൊന്നുംവില നടപടിയിൽപ്പെട്ട ഏഴുപേർ പ്രാരംഭഘട്ടം മുതൽ സ്ഥലമെടുപ്പിനും ബൈപ്പാസ് നിർമ്മാണത്തിനുമെതിരെ ബഹു:കേരള ഹൈക്കോടതിയിൽ തുടർച്ചയായ കേസുകൾ ഫയൽ ചെയ്യും സ്റ്റേ വാങ്ങിയും തടസ്സം സൃഷ്ടിക്കുകയുണ്ടായി. പ്രസ്തുത കേസ്സുകൾ ബഹു:ഹൈക്കോടതി തള്ളിയെങ്കിലും WA 104/14 കേസ്സിൽ പുതിയ സ്ഥലമേറ്റെടുക്കൽ നിയമത്തിന്റെ (2013) 24(2) സെക്ഷൻ പ്രകാരം 2008-ൽ അവാർഡ് പാസാക്കിയ നാൾമുതൽ 5 വർഷത്തിനുള്ളിൽ നഷ്ടപരിഹാരം കൈപ്പറ്റുകയോ, തുക കോടതിയിൽ നിക്ഷേപിക്കുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ അവാർഡ് റദ്ദ് ചെയ്യാൻ അപേക്ഷകൻ ആവശ്യപ്പെടുകയും ബഹു:കോടതി പ്രസ്തുത വാദം അംഗീകരിച്ച് അവാർഡ് റദ്ദു ചെയ്യുകയുമുണ്ടായി. ആയതുമൂലം ഏറ്റെടുത്ത 0.3971 ഹെക്ടർ ഭൂമി തിരികെ നൽകേണ്ടി വന്നിട്ടുണ്ട്. |
| (ബി) ഏറ്റെടുത്ത ഭൂമിയിൽ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തില്ല എന്ന് ഹൈക്കോടതിയിൽ ഉറപ്പ് നൽകിയിരുന്നോ; | (ബി) തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുത്ത 5.4375 ഹെക്ടർ ഭൂമിയിൽ ഹൈക്കോടതിയുടെ പരിഗണനയിൽ ഉള്ള WA. No. 104/2014. WPC.19015/2010 എന്നീ കേസുകളിൽ ഉൾപ്പെട്ട 0.3971 ഹെക്ടർ ഭൂമിയിൽ 21.5.2014 വരെ നിർമ്മാണ പ്രവൃത്തികൾ നടത്തില്ല എന്ന് ഗവൺമെന്റ് ഹൈക്കോടതിയിൽ ഉറപ്പ് നൽകിയിരുന്നു. |

| | |
|---|---|
| (സി) ബൈപ്പാസിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ? | (സി) കരാർ പ്രകാരം 2016 സെപ്റ്റംബർ 9-ാം തീയതിയാണ് ബൈപ്പാസ് നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ